**ഭരണഭാഷ – മാതൃഭാഷ**

**അഡീ. എക്സൈസ് കമ്മീഷണറുടെ കാര്യാലയം**
**(എൻഫോഴ്സ്മെൻറ്), നന്ദാവനം, തിരുവനന്തപുരം–33**
**✆ 04712322136, ✉ addlecenfo.exc@kerala.gov.in,**
**✉ exenforcement@gmail.com**

**EXCENF/86/2021/XJ3** **തീയതി :02.03.2021**

പ്രേഷിതൻ
അഡീഷണൽ എക്സൈസ് കമ്മീഷണർ,
(എൻഫോഴ്സ്മെന്റ്), തിരുവനന്തപുരം.

ഗ്രാഹകർ
1. എല്ലാ മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും.
2. ജോയിന്റ് എക്സൈസ് കമ്മീഷണർ, ഇ.ഐ.ആന്റ്.ഐ.ബി.
3. എല്ലാ ഡിവിഷണൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും
4. എല്ലാ ഇ.ഐ.ആന്റ്.ഐ.ബി. മേഖലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും

**വിഷയം:**എക്സൈസ് എൻഫോഴ്സ്മെന്റ് – കേരള നിയമസഭ തെരെഞ്ഞെടുപ്പ് 2021 – സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് – **05.03.2021 മുതൽ 07.04.2021 വരെ**–അബ്കാരി/എൻ.ഡി.പി.എസ്.മേഖലയിലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള തീവ്രയത്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് – സംബന്ധിച്ച്.

സൂചന: ബഹു. എക്സൈസ് കമ്മീഷണറുടെ 01.03.2021–ലെ CA/EC-80/2021-ാം നമ്പർ കത്ത്.

സംസ്ഥാനത്ത് കേരള നിയമസഭ തെരെഞ്ഞെടുപ്പ് 2021 ഏപ്രിൽ 6–ാം തീയതി നടക്കുകയാണ്. തെരെഞ്ഞെടുപ്പ് കാലയളവിൽ മദ്യം മയക്കുമരുന്ന് തുടങ്ങിയവയുടെ വ്യാപനവും, നിയമവിരുദ്ധ വിപണനവും കൂടാൻ സാദ്ധ്യതയുണ്ട്. അംഗീകൃത സ്രോതസ്സുകളിൽ നിന്നല്ലാതെ മദ്യം ജനങ്ങൾക്ക് ലഭ്യമാകുന്ന പ്രവണത ഇക്കാലത്ത് വർദ്ധിക്കുന്നു. ഇത് മുൻകൂട്ടി കണ്ട് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തേണ്ടതാണ്. തെരെഞ്ഞെടുപ്പ് ദിവസമായ ഏപ്രിൽ 6–നും വോട്ടെണ്ണൽ ദിവസമായ മെയ് 2–നും മദ്യനിരോധനം ആയിരിക്കുമെന്നതിനാൽ ആ ദിവസങ്ങളിൽ മദ്യം സംഭരിച്ചു വിതരണം ചെയ്യുന്നതിന് സാദ്ധ്യതയുണ്ട്. ലൈസൻസുള്ള സ്ഥാപനങ്ങളിൽ നിന്ന് അനധികൃതമായി മദ്യം ശേഖരിക്കുന്നതിനും സാദ്ധ്യതയുണ്ട്. ഡിസ്റ്റിലറികൾ ഉൾപ്പെടെ എല്ലാ ലൈസൻസുള്ള സ്ഥാപനങ്ങളും ഇക്കാലയളവിൽ കർശന നിരീക്ഷണത്തിൽ ആയിരിക്കണം. തെരെഞ്ഞെടുപ്പ് കാലയളവിൽ വോട്ടർമാരെ സ്വാധീനിക്കുന്നതിന് കോളനികളിലും മറ്റ്

അന്തർ സംസ്ഥാന അതിർത്തി പ്രദേശങ്ങളിലും മറ്റും മദ്യം അനധികൃതമായി വിതരണം ചെയ്യാൻ സാദ്ധ്യതയുണ്ട്. ഇത്തരം പ്രദേശങ്ങളും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. അതേ സമയം തെരെഞ്ഞെടുപ്പ് കാലത്ത് വ്യാപകമായി വ്യാജ പരാതികൾ ഉണ്ടാകാനുള്ള സാദ്ധ്യതയും തള്ളിക്കളയാൻ കഴിയില്ല. തെരെഞ്ഞെടുപ്പ് അടുക്കുന്നതോടെ മദ്യത്തിന്റെ ഉപഭോഗം ഗണ്യമായി വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്. വ്യാജ വാറ്റ്, വ്യാജമദ്യ നിർമ്മാണം, സ്പിരിറ്റ് കടത്ത്, ചാരായ നിർമ്മാണം, സ്പിരിറ്റ് ചാരായമായും നിറം കലർത്തി വിദേശമദ്യമായും ഉപയോഗിക്കൽ, കള്ളിൽ വീര്യവും അളവും കൂട്ടാനുള്ള മായം ചേർക്കലുകൾ എന്നീ പ്രവർത്തനങ്ങൾ നടക്കുവാൻ ഏറെ സാദ്ധ്യതയുണ്ട്. വ്യാജമായിട്ടുള്ള ആയുർവേദ ഉല്പന്നങ്ങൾ അരിഷ്ടാസവങ്ങൾ എന്ന പേരിൽ വില്ക്കാനും സാദ്ധ്യതയുണ്ട്. ഇവയെ ഫലപ്രദമായി തടയാൻ സംസ്ഥാനത്ത് **05.03.2021 മുതൽ 07.04.2021 വരെ** സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് ആയിരിക്കും.

രഹസ്യവിവരശേഖരണം നടത്തിയും ബന്ധപ്പെട്ട പ്രദേശങ്ങളിലെ പൊതുജനങ്ങളുടെ സഹായത്തോടെയും, സ്വന്തമായും, പോലീസ് തുടങ്ങിയ മറ്റ് സേനാവിഭാഗങ്ങളുടെ സഹകരണത്തോടെയുമുള്ള ഫലപ്രദവും ശക്തവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇതിനെ നേരിട്ട് പരാജയപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. മദ്യത്തിന് പകരമായി കഞ്ചാവ് ഉൾപ്പെടെയുള്ള മറ്റ് മയക്കുമരുന്നുകൾ ഉപയോഗിക്കുന്ന പ്രവണത പ്രത്യേകിച്ച് യുവജനങ്ങളിലും, വിദ്യാർത്ഥികളിലും കൂടുതലായി കണ്ടുവരുന്ന സാഹചര്യത്തിൽ എൻ.ഡി.പി.എസ്. നിയമ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനായും ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുമുണ്ട്.

സംസ്ഥാന അതിർത്തികളിലെ എക്സൈസ് ചെക്ക് പോസ്റ്റുകളിലെ എക്സൈസ് ഉദ്യോഗസ്ഥർ ചെറുതും വലുതുമായ എല്ലാത്തരം വാഹനങ്ങളും കാര്യക്ഷമമായി പരിശോധന നടത്തേണ്ടതാണ്. ചെക്ക് പോസ്റ്റ് വഴി കടന്നുവരുന്ന പച്ചക്കറി, മത്സ്യം, എന്നിവ കയറ്റിവരുന്ന വാഹനങ്ങളും, ചരക്ക് ഇല്ലാതെ വരുന്ന വാണിജ്യ വാഹനങ്ങൾ, ടാങ്കർ ലോറി തുടങ്ങിയവ പ്രത്യേകം പരിശോധന നടത്തേണ്ടതും, ടി വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരും അനുബന്ധ വിവരങ്ങളും നിർബന്ധമായും ചെക്ക് പോസ്റ്റിലെ വാഹന പരിശോധന രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ജോയിന്റ് എക്സൈസ് കമ്മീഷണർമാർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ എന്നിവർ നേരിട്ട് ചെക്ക് പോസ്റ്റുകൾ സന്ദർശിച്ച് കാര്യക്ഷമമായ വാഹന പരിശോധന നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വകുപ്പിൽ ഉപയോഗപ്രദമായ ടോർച്ച് ലൈറ്റുകൾ ചെക്ക് പോസ്റ്റുകളിൽ നൽകാൻ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ നടപടി സ്വീകരിക്കണം. ആവശ്യമായ ടോർച്ച് ലൈറ്റുകൾ ലഭ്യമല്ലായെങ്കിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് എല്ലാ ചെക്ക്പോസ്റ്റുകളിലും രാത്രികാല പരിശോധനയ്ക്ക് ടോർച്ച് ലൈറ്റ് ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

ഒരു വിഭാഗം പ്രിവന്റീവ് ഓഫീസർമാരും, സിവിൽ എക്സൈസ് ഓഫീസർമാരും ഇലക്ഷൻ ഡ്യൂട്ടിയിലായിരിക്കുമെന്നതിനാൽ ഫീൽഡ് ഓഫീസുകളിൽ നിന്ന് എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, സോണൽ ഓഫീസുകൾ,

ഡിവിഷൻ ഓഫീസുകൾ മുതലായ മറ്റ് ഓഫീസുകളിൽ സ്പെഷ്യൽ / ഓഫീസ് ഡ്യൂട്ടിയിലും മറ്റും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ 15.03.2021-ന് മുമ്പായി എൻഫോഴ്സ്മെന്റ് ഡ്യൂട്ടിയ്ക്കായി മാതൃ ഓഫീസുകളിലേയ്ക്ക് തിരിച്ച് അയ യ്ക്കേണ്ടതാണ്. ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഡ്യൂട്ടിയിൽ ഇവരെയുംകൂടി ഉൾപ്പെടുത്തേണ്ടതാണ്.

## I. <u>താഴെപ്പറയുന്ന തരത്തിലുള്ള കുറ്റകൃത്യങ്ങൾ കേരള നിയമസഭ തെരെഞ്ഞെടുപ്പ് 2021 കാലത്ത് ഉണ്ടാകുവാൻ സാധ്യതയുണ്ട്.</u>

1. വനപ്രദേശവുമായി ചേർന്ന് കിടക്കുന്ന ഭാഗങ്ങളിലും വനത്തിനുള്ളിലും വ്യാജ ചാരായ ഉൽപ്പാദനം.
2. അന്യസംസ്ഥാനങ്ങളിൽ നിന്നും സ്പിരിറ്റ് കടത്തിക്കൊണ്ടുവന്ന് വ്യാജ മദ്യനിർമ്മാണ യൂണിറ്റുകൾ പ്രവർത്തിപ്പിക്കൽ.
3. അന്യസംസ്ഥാന തൊഴിലാളികൾ മുഖേന മയക്കുമരുന്നുകളും മദ്യവും ടൂറിസ്റ്റ് ബസ്സ്, പാസഞ്ചർ ബസ്സ്, ട്രെയിൻ, മറ്റ് ഗുഡ്സ് വെഹിക്കിൾസ് എന്നിവ വഴി കടത്തികൊണ്ടു വന്ന് വിപണനം.
4. അതിർത്തി ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ വ്യവസ്ഥാപിത ചെക്ക് പോസ്റ്റുകളിലൂടെയും നിരവധിയായ മറ്റ് പാതകളിലൂടെയും സ്പിരിറ്റ്, വ്യാജമദ്യം മുതലായവ സംസ്ഥാനത്തിനക ത്തേയ്ക്ക് വാഹനങ്ങളിലും മറ്റ് മാർഗ്ഗങ്ങൾ ഉപയോഗിച്ചും കടത്ത്.
5. കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ കാൽനടയായും, വാഹനങ്ങളി ലും, ട്രെയിൻ മാർഗ്ഗത്തിലും, സ്പിരിറ്റ്, വ്യാജമദ്യം എന്നിവ കർണ്ണാടക അതിർത്തി വഴി കടത്ത്.
6. പാഴ്സൽ സർവ്വീസ് വാഹനങ്ങളിലും, ചരക്കു/യാത്രാ തീവ്ണ്ടികളിലും മറ്റ് സാധനങ്ങൾ എന്ന വ്യാജേന ബുക്കുചെയ്ത് സ്പിരിറ്റ്/വിദേശമദ്യം/കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ എന്നിവയുടെ കടത്ത്.
7. മാഹി, ഗോവ എന്നിവിടങ്ങളിൽ നിന്നും സ്പിരിറ്റും, വിദേശമദ്യവും മത്സ്യബ ന്ധന ബോട്ടുകളിലും, നാടൻ വള്ളങ്ങളിലും തീരപ്രദേശങ്ങളിൽ എത്തിക്കുക.
8. ആയുർവേദ ഔഷധങ്ങൾ എന്ന പേരിൽ ലഹരി കൂടുതലുള്ള വ്യാജ അരി ഷ്ടാസവങ്ങൾ, സിഞ്ചിബറിസ്, എന്നിവയുടെ വിപണനം.
9. സിലോൺ പേസ്റ്റും, മയക്കുമരുന്നുകളും ഉപയോഗിച്ചുള്ള കൃത്രിമ കള്ള് ഉല്പാദനം.
10. കണ്ടെയിനർ, ലോറികൾ, ടാങ്കറുകൾ, ടിപ്പർലോറികൾ, രഹസ്യ അറകൾ നിർമ്മിക്കപ്പെട്ടിട്ടുള്ള വാഹനങ്ങൾ, ആഡംബരകാറുകൾ, അന്തർസംസ്ഥാന ബസ്സുകൾ, പാഴ്സൽ ലോറികൾ, ശീതീകരിച്ച വാഹനങ്ങൾ എന്നിവയിൽ സ്പിരിറ്റ് കള്ളക്കടത്ത് നടത്താൻ സാധ്യതയുണ്ട്. മത്സ്യം, പച്ചക്കറി, മുട്ട, വാഴക്കുല, ചെടികൾ, സിമന്റ് എന്നിവ കൊണ്ടുവരുന്ന വാഹനങ്ങളിൽ ഒളിപ്പി ച്ച് സ്പിരിറ്റ്, മറ്റ് നിരോധിത വസ്തുക്കൾ എന്നിവയുടെ കടത്ത്. .

11 മുൻകാലങ്ങളിൽ അനിഷ്ടസംഭവങ്ങൾക്ക് കാരണമായ തരത്തിൽ ചില ലൈസൻസുള്ള സ്ഥാപനങ്ങൾ തെരെഞ്ഞെടുപ്പിനോടനുബന്ധിച്ച് മദ്യ ഉപഭോഗം വർദ്ധിപ്പിക്കാനുദ്ദേശിച്ച് പ്രത്യേക ആനുകൂല്യം നൽകി മദ്യവില്പന നടത്താൻ സാധ്യതയുണ്ട്.

12. മുൻ കാലങ്ങളിൽ മദ്യ മയക്കുമരുന്ന് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്നവർ വീണ്ടും പ്രസ്തുത കാര്യങ്ങളിൽ സജീവമാകുവാൻ സാദ്ധ്യതയുണ്ട്.

13. തെരെഞ്ഞെടുപ്പ് കാലത്ത് മദ്യകടത്ത് കൂടുന്നതിനുള്ള സാദ്ധ്യതയുണ്ട്.

ഇവയ്ക്കൊക്കെ പുറമെ ലഹരി വസ്തുക്കളുടെ നിർമ്മാണത്തിനും വിതരണത്തിനും മുമ്പ് ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്ത നൂതന മാർഗ്ഗങ്ങൾ അവലംബിക്കാനും സാദ്ധ്യതയുണ്ട്.

## II. കുറ്റകൃത്യങ്ങൾ തടയുന്നതിനായി താഴെപ്പറയുന്ന ക്രമീകരണങ്ങൾ അടിയന്തിരമായി നടപ്പിൽ വരുത്തുന്നതിന് നിർദ്ദേശിക്കുന്നു.

### A. ഹെഡ്ക്വാർട്ടേഴ്സ് കൺട്രോൾ റൂം.

എക്സൈസ് ഹെഡ് ക്വാർട്ടേഴ്സിൽ അഡീഷണൽ എക്സൈസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ ഒരു കൺട്രോൾ റൂം പ്രവർത്തിക്കും. ജില്ലാതല കൺട്രോൾ റൂമുകളിലെ ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകളും, കഴിഞ്ഞ ദിവസത്തെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും അതാത് ദിവസങ്ങളിലെ ജില്ലാതല സ്പെഷ്യൽ ഡ്രൈവ് സംബന്ധമായ ഡ്യൂട്ടികളുടെ വിവരങ്ങളും ഉൾപ്പെടെയുള്ള കാര്യങ്ങൾ എല്ലാ ദിവസവും രാവിലെ 11.00 മണിയ്ക്കു മുമ്പ് ശേഖരിച്ച് റിപ്പോർട്ടായി അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)ന് നൽകേണ്ടതാണ്. കൂടാതെ തൊട്ടു മുൻ ദിവസം ജില്ലകളിൽ നടന്ന പ്രവർത്തനങ്ങളും എക്സൈസ് ഹെഡ് ക്വാർട്ടേഴ്സിലെ സ്റ്റേറ്റ് കൺട്രോൾ റൂം ശേഖരിക്കും. ഓരോ ദിവസവും ഒരു സർക്കിൾ ഇൻസ്പെക്ടർ, ഒരു എക്സൈസ് ഇൻസ്പെക്ടർ ഈ കൺട്രോൾ റൂമിന്റെ ചുമതല വഹിക്കും. ഇതിനായി എക്സൈസ് ഹെഡ് ക്വാർട്ടേഴ്സിലെ ഉദ്യോഗസ്ഥരുടെ ഒരു ഡ്യൂട്ടി ക്രമം തയ്യാറാക്കുന്നതാണ്.

### B. ജില്ലാതല കൺട്രോൾ റൂമുകൾ

1. സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ 05.03.2021 10 മണി മുതൽ എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും തങ്ങളുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം പ്രവർത്തിപ്പിക്കേണ്ടതാണ്. ഇവയ്ക്ക് ഒരു നിശ്ചിത ഫോൺ നമ്പർ ഉണ്ടായിരിക്കണം. പ്രസ്തുത നമ്പർ ആസ്ഥാന കൺട്രോൾ റൂമിൽ അറിയിക്കേണ്ടതാണ്. കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികൾ ഫീൽഡ് യൂണിറ്റുകൾക്ക് നൽകി കാലവിളംബം കൂടാതെ നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ പ്രിവന്റീവ് ഓഫീസറുടെ നേതൃത്വത്തിൽ കൺട്രോൾ റൂമിൽ നിയമിക്കേണ്ടതാണ്.

2. ഓരോ കൺട്രോൾ റൂമിലും ഒരു ഇൻഫർമേഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിൽ ലഭിക്കുന്ന പരാതികളെ സംബന്ധിച്ചും സ്വീകരിച്ച നടപടി

കളെക്കുറിച്ചും രേഖപ്പെടുത്തേണ്ടതുമാണ്. ഈ രജിസ്റ്ററിൽ താഴെപ്പറയുന്ന കോളങ്ങൾ ഉണ്ടായിരിക്കണം.

1. ക്രമനമ്പർ, 2. പരാതി ലഭിച്ച തീയതിയും സമയവും, 3. പരാതി അറിയിച്ച ആളിന്റെ (പേര് അറിയാമെങ്കിൽ), 4. പരാതിയുടെ സ്വഭാവം, 5. പരാതിയിൽ സ്വീകരിച്ച നടപടി, 6. നടപടി സ്വീകരിച്ച ഉദ്യോഗസ്ഥന്റെ പേര്, 7. നടപടിയുടെ ഫലം (കേസ്സ് എടുത്തോ എന്നുള്ളത്, പിടിച്ചെടുത്ത തൊണ്ടി സാധനങ്ങളുടെ വിവരം, പ്രതിയുടെ വിവരം).

3. കൺട്രോൾ റൂമിന്റെ ചുമതലയെ സംബന്ധിച്ച ദൈനംദിന പട്ടിക മുൻകൂട്ടി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തയ്യാറാക്കി നൽകേണ്ടതാണ്. ഡ്യൂട്ടി ഓഫീസർമാർക്ക് തങ്ങളുടെ ചുമതലയെക്കുറിച്ച് കൃത്യമായ അറിവ് ഉണ്ടാകേണ്ടതും, <u>ഓരോ ദിവസവും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ കൺട്രോൾ റൂം പരിശോധിച്ച്</u> ആവശ്യമായ നിർദ്ദേശങ്ങൾ കൺട്രോൾറൂം ഉദ്യോഗസ്ഥർക്ക് നല്കേണ്ടതുമാണ്. ജില്ലയിൽ ഓരോ ദിവസവും ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥരുടെ പൂർണ്ണമായ വിവരങ്ങൾ കൺട്രോൾ റൂമിൽ സൂക്ഷിക്കേണ്ടതാണ്.

4. ഓരോ ജില്ലയിലും നടക്കുന്ന പ്രധാന സംഭവ വികാസങ്ങൾ എക്സൈസ് കമ്മീഷണർ, അഡീ. എക്സൈസ് കമ്മീഷണർ, ജോയിന്റ് എക്സൈസ് കമ്മീഷണർ എന്നിവരെ കൺട്രോൾ റൂമുകൾ യഥാസമയം അറിയിക്കേണ്ടതാണ്. റെയിഡുകൾ സംബന്ധിച്ച് കൂടുതൽ സഹായം ആവശ്യമുള്ള സന്ദർഭങ്ങളിൽ ജില്ലാ കളക്ടറുടെയും, പോലീസ് സൂപ്രണ്ടിന്റെയും സഹായം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അഭ്യർത്ഥിക്കേണ്ടതാണ്.

5. തെരെഞ്ഞെടുപ്പ് കാലയളവിൽ ധാരാളം വ്യാജപരാതികൾ ലഭിയ്ക്കാൻ സാദ്ധ്യതയുള്ളതിനാൽ പരാതിയുടെ വിശ്വാസ്യത പരിശോധിച്ച ശേഷം മാത്രമേ വാസസ്ഥലങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കാവൂ.

6. വിമുക്തി ഉദ്യോഗസ്ഥരുടെ സേവനം ഈ കാലയളവിൽ ബന്ധപ്പെട്ട ഡിവിഷനുകളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.

C. **<u>സ്ട്രൈക്കിംഗ് ഫോഴ്സ്</u>** : 05 .03.2021 മുതൽ 07.04.2021 വരെയുള്ള കാലയളവിലേയ്ക്ക് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ജില്ലയെ ചുരുങ്ങിയത് മൂന്ന് മേഖലകളായി തിരിച്ച് ഓരോ മേഖലയിലും ബന്ധപ്പെട്ട എക്സൈസ് സർക്കിൾ ഓഫീസുകൾ കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിങ്ങ് ഫോഴ്സുകൾ എക്സൈസ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ടതാണ്. 22.03.2021 മുതൽ 07.04.2021 വരെയുള്ള കാലയളവിൽ സ്ട്രൈക്കിംഗ് ഫോഴ്സുകളുടെ എണ്ണം കുറഞ്ഞത് നാലായി വർദ്ധിപ്പിക്കേണ്ടതാണ്. പരാതികൾ കിട്ടിയാൽ കാലവിളംബം കൂടാതെ പരാതി പരിശോധിക്കുവാനും, റെയിഡു നടത്തുവാനും മതിയായ ഫോഴ്സ് ഏതു സ്ഥലത്തും, എതു സമയത്തും ലഭ്യമാണെന്ന് ഉറപ്പുവരുത്തുവാനാണ് സ്ട്രൈക്കിങ്ങ് ഫോഴ്സ് രൂപീകരിക്കുന്നത്. ഓരോ ജില്ലയിലെയും പിറ്റേ ദിവസത്തെ സ്ട്രൈക്കിംഗ് ഫോഴ്സുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ പേരും, കോൺടാക്ട് നമ്പരും ജില്ലാ കൺട്രോൾ റൂമിൽ തലേദിവസം തന്നെ ശേഖരിച്ചു വെക്കേണ്ടതും, ആയത് സംസ്ഥാന കൺട്രോൾ റൂമിൽ തലേദിവസം തന്നെ

ഇ-മെയിൽ വഴി അറിയിക്കേണ്ടതുമാണ്. തുടർ ഡ്യൂട്ടിക്കാർ ചുമതല ഏറ്റെടുത്തശേഷം മാത്രമേ നിലവിലുള്ള ഉദ്യോഗസ്ഥർ ഡ്യൂട്ടി അവസാനിപ്പിക്കാൻ പാടുള്ളൂ. സ്ട്രൈക്കിങ്ങ് ഫോഴ്സ് അംഗങ്ങളുടെ പേരുവിവരവും ഓരോ ദിവസവും ചെയ്യുന്ന പ്രവർത്തനങ്ങളുടെ വിവരവും ബന്ധപ്പെട്ട ജില്ലാ കൺട്രോൾ റൂമുകൾ സ്വീകരിച്ച് റിപ്പോർട്ടായി എക്സൈസ് ആസ്ഥാന ഇലക്ഷൻ കൺട്രോൾ റൂമിലേയ്ക്ക് പിറ്റേ ദിവസം രാവിലെ 10 മണിയോടുകൂടി നൽകേണ്ടതാണ്.

D. സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ അന്യസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വ്യാപകമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ വ്യാപകമായി കഞ്ചാവ്, പുകയില, പാൻ ഉൽപ്പന്നങ്ങൾ, മറ്റു ലഹരി വസ്തുക്കൾ എന്നിവ കേരളത്തിൽ വൻതോതിൽ കടത്തികൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ അന്യസംസ്ഥാന തൊഴിലാളികൾ കേന്ദ്രീകരിക്കുന്ന സ്ഥലങ്ങളിലും, അവർ താമസിക്കുന്ന ലേബർ ക്യാമ്പുകളിലും, ഇവർ എത്തിച്ചേരുന്ന ട്രെയിനുകളിലും ഗൗരവമായ നിരീക്ഷണം നടത്തേണ്ടതും, ആവശ്യമായ സമയങ്ങളിൽ ടി സ്ഥലങ്ങൾ റെയ്ഡുകൾ നടത്തി നിയമാനുസരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

E. **രഹസ്യവിവരശേഖരണം**

സ്പിരിറ്റിന്റെയും, വ്യാജമദ്യത്തിന്റെയും, മയക്കുമരുന്നുകളുടെയും ഉറവിടം കണ്ടെത്തുന്നതിനായി രഹസ്യാന്വേഷണം നടത്തി ശരിയായ വിവരം ശേഖരിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഇന്റലിജൻസ് വിഭാഗം മേധാവി, ജീവനക്കാർക്ക് നല്കേണ്ടതാണ്. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഇന്റലിജൻസ് നല്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ റെയിഡുകൾ സംഘടിപ്പിക്കേണ്ടതാണ്. എക്സൈസ് ഇന്റലിജൻസ് ബ്യൂറോ ജോയിന്റ് എക്സൈസ് കമ്മീഷണറിൽ നിന്നും ലഭിക്കുന്ന എല്ലാ വിവരങ്ങളിലും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും കാലതാമസം കൂടാതെ നടപടി സ്വീകരിക്കേണ്ടതാണ്. ഉടനടി നടപടി ആവശ്യമുള്ള കാര്യങ്ങൾ ഇന്റലിജന്റ്സ് വിഭാഗം ജോയിന്റ് എക്സൈസ് കമ്മീഷണർമാർ/അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ / അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ എന്നിവർക്ക് നേരിട്ട് കിട്ടത്തക്കവണ്ണം എത്തിച്ചുകൊടുക്കേണ്ടതും, വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

F. പാലക്കാട് ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് പെർമിറ്റ് മുഖേന കൊണ്ടുപോകുന്ന കള്ളിന്റെ അളവും ഗുണനിലവാരവും കൃത്യമായി പരിശോധിക്കേണ്ടതാണ്. പാലക്കാടൻ കള്ള് കൊണ്ടുപോകുന്ന സമയത്ത് കലർപ്പുണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട ജില്ലകൾ ശ്രദ്ധിക്കണം. ആലത്തൂരും, പറളിയിലുമുള്ള ചെക്കിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ, പാലക്കാട് ജില്ലയിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, അവയുടെ മേൽനോട്ട ചുമതലയുള്ള

എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ എന്നിവർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പാലക്കാട് ജില്ലയിലെ കള്ള് ചെത്ത് തോട്ടങ്ങളിൽ എക്സൈസ് ഉദ്യോഗസ്ഥർ നിരന്തരം കർശന പരിശോധന നടത്തി അനധികൃത പ്രവർത്തനങ്ങൾ നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## G. സ്ഥിരം കുറ്റവാളികൾക്കെതിരെയുള്ള നടപടികൾ

1. അബ്കാരി, എൻ.ഡി.പി.എസ്. കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള മുൻകുറ്റവാളികളെ സംബന്ധിച്ച് എല്ലാ റേഞ്ച് ഓഫീസുകളിലും സൂക്ഷിച്ചിട്ടുള്ള എക്സ് കൺവിക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളവരുടെ താമസവും ഇപ്പോഴത്തെ പ്രവർത്തനവും സംബന്ധിച്ച് ഉദ്യോഗസ്ഥർ നേരിട്ട് നിരീക്ഷണം നടത്തി റിപ്പോർട്ട് നൽകേണ്ടതാണ്.

2. കേരള നിയമസഭാ തെരെഞ്ഞെടുപ്പ് 2021 സ്പെഷ്യൽ ഡ്രൈവ് ആരംഭിക്കുന്നതിനു മുൻപുതന്നെ റെയിഞ്ച് ഇൻസ്പെക്ടർമാരും, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും വ്യാജമദ്യ വില്പനയുമായി ബന്ധപ്പെട്ട വ്യക്തികളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി അത്തരം ആൾക്കാരെ നിരീക്ഷിക്കേണ്ടതാണ്. ആയത് ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

3. കള്ളിന്റെ സാമ്പിളുകളിൽ 6 % V/V Ethyl Alcohol-ൽ കൂടുതൽ റിസൾട്ട് ഉണ്ടായിട്ടുള്ള ഷാപ്പുകൾ പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്. ലൈസൻസികളുടെ പ്രവർത്തികളും കർശനമായി നിരീക്ഷിച്ച് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കേണ്ടതാണ്.

4. അബ്കാരി / എൻ.ഡി.പി.എസ്. കേസ്സുകളിൽ പ്രതികളായതിന്റെ പേരിൽ ബഹു. കോടതിയിൽ നിന്നും വാറണ്ട് പുറപ്പെടുവിക്കപ്പെട്ടവരെ അറസ്റ്റു ചെയ്തു ബഹു.കോടതികളിൽ ഹാജരാക്കേണ്ടതാണ്. നിലവിൽ അന്വേഷണത്തിലിരിക്കുന്ന കേസ്സുകളിലെ അറസ്റ്റു ചെയ്യപ്പെടാത്ത പ്രതികളെ എത്രയും പെട്ടെന്ന് അറസ്റ്റ് ചെയ്യേണ്ടതാണ്. ഇത്തരം അറസ്റ്റുകൾക്ക് എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ ബ്യൂറോയുടെ സേവനവും കൂടി ഉപയോഗപ്പെടുത്താവുന്നതാണ്.

## H. അതിർത്തി പ്രദേശങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ

1. അതിർത്തി പ്രദേശങ്ങളിൽ പ്രത്യേകിച്ച് കാസർകോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, ഇടുക്കി, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ മുഴുവൻ സമയവും ബോർഡർ പട്രോളിംഗ് ശക്തിപ്പെടുത്തേണ്ടതും, വാഹന പരിശോധന കർശനമാക്കേണ്ടതുമാണ്.

2. തീരപ്രദേശങ്ങൾ വഴി വ്യാജമദ്യം കടത്തുന്നതിന് കൂടുതൽ സാദ്ധ്യതയുള്ളതിനാൽ ആയത് തടയുന്നതിന് ആത്മാർഥമായ ശ്രമം

നടത്തേണ്ടതാണ്. കോസ്റ്റൽ പോലീസുമായി ചേർന്ന് കടലിലും, ഉൾനാടൻ ജല ഗതാഗത പാതകളിലും പട്രോളിംഗ് സംഘടിപ്പിക്കേണ്ടതാണ്.

3. മൈനർ ചെക്കുപോസ്റ്റുകളിൽ 24 മണിക്കൂറും ഫലപ്രദമായ വാഹന പരിശോധന നടത്തുന്നതിന് ആവശ്യമായ എക്സൈസ് ഉദ്യോഗസ്ഥർ ഡ്യൂട്ടിയിൽ ഉണ്ടെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഉറപ്പുവരുത്തേണ്ടതാണ്.

4. ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ചെക്ക് പോസ്റ്റുകളിലും, ജില്ലയിലെ മറ്റ് ആഫീസുകളിലും മിന്നൽപരിശോധന നടത്തേണ്ടതും മറ്റ് ആഫീസർമാരെ മിന്നൽ പരിശോധനകൾക്ക് നിയോഗിക്കുകയും ചെയ്യേണ്ടതാണ്.

5. ബോർഡർ പട്രോളിംഗ് / സ്ട്രൈക്കിംഗ് ഫോഴ്സ് ഡ്യൂട്ടി നോക്കുന്ന ഉദ്യോഗസ്ഥരുടെ പൊസിഷൻ ഓരോ രണ്ട് മണിക്കൂറിലും ജില്ലാ കൺട്രോൾ റൂമിൽ ഫോൺ മുഖേന അറിയിക്കേണ്ടതാണ്.

6. അതിർത്തി മേഖലയിൽ അതാത് മേഖലയിലെ അതിർത്തി പങ്കിടുന്ന പോലീസ്/ എക്സൈസ് ഉദ്യോഗസ്ഥരിൽ നിന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ വിവരശേഖരണം നടത്തി സംയുക്ത പരിശോധനകൾ സംഘടിപ്പിക്കേണ്ടതുമാണ്.

7. മറ്റു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന പല സ്ഥലങ്ങളിലും ചെക്ക് പോസ്റ്റുകൾ ഇല്ലാതെയുള്ള റോഡുകളും നടവഴികളും ഉള്ളതിനാൽ ഇത്തരം സ്ഥലങ്ങളെപ്പറ്റി മുൻകൂട്ടി അറിഞ്ഞ് അവിടങ്ങളിൽ നിരീക്ഷണം കർശനമാക്കേണ്ടതാണ്.

## I. <u>റോഡ് പട്രോളിംഗ്</u>

1. മുൻകൂട്ടി പദ്ധതികൾ രഹസ്യമായി തയ്യാറാക്കി പ്രത്യേക റോഡുകൾ തിരഞ്ഞെടുത്ത് അതുവഴി വരുന്ന എല്ലാ വാഹനങ്ങളും കർശനമായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

2. യാത്രാവാഹനങ്ങൾ പരിശോധിക്കുന്ന വേളയിൽ സാധനങ്ങൾ സൂക്ഷിക്കുന്ന അറകൾ വിശദമായി പരിശോധിക്കേണ്ടതാണ്. ചരക്ക് വാഹനങ്ങൾ പരിശോധിക്കുമ്പോൾ രഹസ്യ അറകൾ ഉണ്ടോയെന്ന് കർശനമായി പരിശോധിക്കേണ്ടതാണ്.

3. യാത്രാവാഹനങ്ങൾ പരിശോധിക്കുന്ന വേളയിൽ യാത്രക്കാരോട് മാന്യമായി പെരുമാറണം, ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സ്ത്രീകളോട് മാന്യമായി പെരുമാറുകയും വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ സാന്നിദ്ധ്യം കഴിവതും ഉണ്ടായിരിക്കേണ്ടതുമാണ്. തുടർന്നുള്ള ഇത്തരം വാഹന പരിശോധന നിർദ്ദിഷ്ട സമയങ്ങളിൽ നടത്താതെ ഓരോ ദിവസവും ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തലേദിവസം തീരുമാനിച്ച് അറിയിക്കുന്ന വിവിധ സമയങ്ങളിൽ നടത്തി കുറ്റവാളികൾക്ക് രക്ഷപ്പെടാനുള്ള പഴുതുകൾ അടയ്ക്കേണ്ടതാണ്.

J. വനവുമായി ചേർന്നുവരുന്ന പ്രദേശങ്ങൾ.

വനമേഖലകളിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി ചേർന്ന് വ്യാജവാറ്റ്, കഞ്ചാവ് കൃഷി എന്നിവ കണ്ടുപിടിച്ച് നശിപ്പിക്കുന്നതിനുള്ള റെയ്ഡുകൾ സംഘടിപ്പിക്കേണ്ടതാണ്.

## III. മറ്റ് വകുപ്പുകളുമായി ചേർന്ന് സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ

ട്രെയിൻ വഴി മദ്യം, മറ്റ് ലഹരി വസ്തുക്കളുടെ അന്തർ സംസ്ഥാന കടത്ത് തടയുന്നതിനായി റെയിൽവെ പ്രൊട്ടക്ഷൻ ഫോഴ്സുമായി ചേർന്ന് സംയുക്ത പരി ശോധന സംഘടിപ്പിക്കേണ്ടതാണ്.

1. സ്പെഷ്യൽ ഡ്രൈവിന്റെ വിജയത്തിനായി അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അവരുടെ അധികാര പരിധിയിലുള്ള ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് എന്നിവയുടെ ചുമതലയുള്ള ഡി.വൈ.എസ്.പി.മാരുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

2. അബ്കാരി മേഖലയിലെ കുറ്റകൃത്യങ്ങൾ തടയുന്നതിനും സ്പെഷ്യൽ ഡ്രൈവിന്റെ വിജയകരമായ നടത്തിപ്പിനുമായി മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർമാർ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെ ചുമതലയുള്ള പോലീസ് സൂപ്രണ്ടുമാരുമായി ബന്ധപ്പെട്ട് ഇന്റലിജൻസ് വിവരങ്ങൾ പരസ്പരം കൈമാറേണ്ടതാണ്.

സ്പെഷ്യൽ ബ്രാഞ്ച് പോലീസ് സൂപ്രണ്ടുമാരുടെ അധികാര പരിധി താഴെ വിവരിക്കുന്നു.

| | |
|---|---|
| Superintendent, Special Branch, Thiruvananthapuram Range | Thiruvananthapuram, Pathanamthitta, Kollam. |
| Superintendent, Special Branch, Ernakulam Range | Alappuzha , Kottayam, Idukki, Ernakulam. |
| Superintendent, Special Branch, Thrissur Range | Thrissur, Palakkad, Malappuram. |
| Superintendent, Special Branch, Kozhikkode Range | Kozhikkode, Wayanad, Kannur, Kasargode |

ഇപ്രകാരം ലഭിക്കുന്ന ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർമാർ ആവശ്യമെങ്കിൽ മറ്റു വകുപ്പുകളുമായി

ചേർന്ന് സംയുക്ത റെയിഡുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇന്റലിജൻസ് റിപ്പോർട്ട് പ്രകാരമുള്ള നടപടികളിൽ ജോയിന്റ് എക്സൈസ് കമ്മീഷണർമാർ വ്യക്തിപരമായ മേൽനോട്ടം വഹിക്കേണ്ടതാണ്. ലൈസൻസുള്ള സ്ഥാപനങ്ങളിൽ ജോയിന്റ് എക്സൈസ് കമ്മീഷണർമാർ ജില്ലയ്ക്ക് പുറത്തുള്ള സമർത്ഥരായ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് പരിശോധന നടത്തേണ്ടതാണ്.

3. അബ്കാരി മേഖലയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവ് ശേഖരിക്കുന്നതിന് അതാത് പ്രദേശത്തെ ജനപ്രതിനിധികളുടേയും, മറ്റ് സന്നദ്ധ സംഘടനകളുടേയും സഹായം ആവശ്യപ്പെടേണ്ടതാണ്. സ്പിരിറ്റ്, മറ്റു വ്യാജമദ്യങ്ങൾ, മയക്കുമരുന്നുകൾ എന്നിവയുടെ ഉത്പാദന/വിതരണം സംബന്ധിച്ച് അത്തരത്തിലുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി കൂടുതൽ വിവരങ്ങൾ ശേഖരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് പോലീസ്, വനം, റവന്യൂ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയിഡുകൾ നടത്തേണ്ടതാണ്.

5. അതിർത്തി മേഖലകളിൽ അതാത് മേഖലയിലെ അയൽ സംസ്ഥാന പോലീസ്/ എക്സൈസ് ഉദ്യോഗസ്ഥരിൽ നിന്ന് വിവരശേഖരണം നടത്തി സംയുക്ത പരിശോധനകൾ സംഘടിപ്പിക്കേണ്ടതാണ്.

6. ചാരായവും കോടയും നശിപ്പിക്കുന്നതിനായി റെയിഡുകൾ സംഘടിപ്പിക്കുന്നതിലേക്കായി ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട്/കമ്മീഷണർ, ഡി.എഫ്.ഒ. എന്നിവരുമായി ബന്ധപ്പെട്ട് സമ്മിശ്ര വകുപ്പുതല ടീമുകൾ രൂപീകരിക്കേണ്ടതാണ്. കോളനികൾ ഉൾപ്പെടെ മറ്റു പ്രദേശങ്ങളിൽ റെയിഡ് നടത്തുന്ന അവസരത്തിൽ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യം ആരോപിക്കപ്പെടാതിരിക്കാൻ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തേണ്ടതാണ്.

7. കടൽ പട്രോളിംഗ് നടത്തുന്നതിനായി ബന്ധപ്പെട്ട ജോയിന്റ് എക്സൈസ് കമ്മീഷണർമാരും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും ജില്ലാ പോലീസ് മേധാവിമാരുമായി ബന്ധപ്പെട്ട് തീരദേശ പോലീസ് സേനയുമായി സംയുക്ത പട്രോളിംഗ് നടത്തേണ്ടതാണ്.

8. കൊറിയർ സർവ്വീസുകൾ വഴി എം.ഡി.എം.എ. ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി കൊറിയർ സർവ്വീസ് നടത്തിപ്പുകാരുടെ സഹകരണത്തോടെ പരിശോധനകൾ ശക്തമാക്കുക.

## IV. മറ്റ് പൊതു നിർദ്ദേശങ്ങൾ

a സ്പെഷ്യൽ ഡ്രൈവ് തുടങ്ങുന്നതിന് മുന്നോടിയായി ജില്ലയിലുള്ള എല്ലാ എക്സൈസ് വാഹനങ്ങളും അടിയന്തിരമായി അറ്റകുറ്റപണി തീർത്ത് ഉപയോഗയോഗ്യമാക്കേണ്ടതാണ്.

b. <u>റിപ്പോർട്ട്:</u> മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർമാരും, ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാരും സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ ഓരോ ദിവസവും നടന്ന പ്രവർത്തനത്തെ സംബന്ധിച്ച റിപ്പോർട്ട് പിറ്റേ ദിവസം രാവിലെ 10 മണിയ്ക്കകം എക്സൈസ് ആസ്ഥാന കൺട്രോൾ റൂമിന് നല്കേണ്ടതാണ്. ആയതിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും, സർക്കിൾ ഇൻസ്പെക്ടർമാരും വ്യക്തിപരമായി പങ്കെടുത്ത റെയിഡുകളുടെയും പരിശോധനകളുടെയും വിവരവും രേഖപ്പെടുത്തേണ്ടതാണ്.

c. ഓരോ മേഖലയിലേയും സ്പെഷ്യൽ ഡ്രൈവിന്റെ ചുമതല അതാത് മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്ക് ആയിരിക്കും.

d. ഡിസ്റ്റിലറികൾ, ബ്രൂവറികൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക് ഇതു സംബന്ധിച്ച തങ്ങളുടെ അധികാര പരിധിയ്ക്കുള്ളിൽ ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നല്കേണ്ടതാണ്. ആയത് സംബന്ധിച്ചു നടത്തിയ അവലോകനത്തിന്റെ റിപ്പോർട്ട് അഡീഷണൽ എക്സൈസ് കമ്മീഷണർക്ക് നല്കേണ്ടതാണ്. തെരെഞ്ഞെടുപ്പിന് മുന്നോടിയായി മദ്യം അമിതമായി ശേഖരിക്കുന്നതിനും കടത്തുന്നതിനും സാദ്ധ്യതയുണ്ട്. ആയതിനാൽ ലൈസൻസ് സ്ഥാപനങ്ങളിൽ കൂടിയുള്ള മദ്യവിൽപന കർശനമായി നിരീക്ഷിക്കേണ്ടതാണ്.

e. എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും വെയർഹൗസ് / ഡിസ്റ്റിലറി / ബ്രൂവറി എന്നിവ രണ്ടാഴ്ചയിൽ ഒരിക്കൽ പരിശോധന നടത്തണം. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ ടി സ്ഥാപനങ്ങൾ എല്ലാ ആഴ്ചയിലും പരിശോധന നടത്തണം. എല്ലാ ദിവസവും എൻഫോഴ്സ്മെന്റ് സ്റ്റേറ്റ്മെന്റിനോടൊപ്പം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ / അസി.എക്സൈസ് കമ്മീഷണർ എന്നിവർ ഡിസ്റ്റിലറി / ബ്രൂവറി / വെയർഹൗസ് എന്നിവിടങ്ങളിൽ പരിശോധിച്ച വിവരങ്ങളും നൽകണം.

f. കേരള നിയമസഭ തെരെഞ്ഞെടുപ്പ് 2021 സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ എക്സൈസ് വകുപ്പു നടപ്പാക്കുന്ന മുൻകരുതലുകളെക്കുറിച്ച് സ്പിരിറ്റ്, വ്യാജമദ്യ ലോബികൾക്ക് അറിവുള്ളതിനാൽ ടി ലോബികൾ മുൻകൂട്ടി തന്നെ വ്യാജമദ്യം ശേഖരിക്കുവാൻ സാദ്ധ്യതയുണ്ട്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുവേണം വ്യാജമദ്യശേഖരണത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നടപടികൾ സ്വീകരിക്കേണ്ടത്.

g. സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ ഒരു ഉദ്യോഗസ്ഥനും അവനവന്റെ അധികാരാതിർത്തി വിട്ടുപോകുവാൻ പാടില്ല. അത്യാവശ്യഘട്ടങ്ങളിൽ അല്ലാതെ അവധി അനുവദിക്കരുത്. ജില്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എന്നിവർ അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) റോട് അനുവാദം വാങ്ങാതെ ലീവോ, പെർമിഷനോ ജോയിന്റ് എക്സൈസ് കമ്മീഷണർ നൽകുവാൻ പാടില്ല.

h. ഡ്രൈ ഡേകൾ കൃത്യമായി പാലിക്കേണ്ടതും, ആ ദിവസങ്ങളിൽ സമാന്തര മദ്യ വിൽപ്പന നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

i. എഫ്.എൽ.3 ബാറുകൾ, എഫ്.എൽ.11 ബിയർ പാർലറുകൾ, എഫ്.എൽ.4 എ ക്ലബുകൾ, കള്ള് ഷാപ്പുകൾ എന്നിവ കൃത്യസമയത്തിന് മുമ്പായി തുറന്ന് പ്രവർത്തിക്കുന്നില്ലായെന്നും, അനുവദനീയമായ സമയം കഴിഞ്ഞ് പ്രവർത്തിക്കുന്നില്ലായെന്നും, കൃത്യമായി പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്.

j. ജില്ലകളിലെ ഫീൽഡ് ഉദ്യോഗസ്ഥർ കൃത്യമായി ഡ്യൂട്ടികൾ ചെയ്യുന്നുണ്ടോയെന്ന് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ജോയിന്റ് എക്സൈസ് കമ്മീഷണർ എന്നിവർ രാത്രിയും പകലും പ്രത്യേകം ശ്രദ്ധ നൽകി, മൊബൈൽ ഫോണുകളിൽ ബന്ധപ്പെട്ടും, സർപ്രൈസ് വിസിറ്റ് നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.

k. ദൈനംദിന ഡ്യൂട്ടിയ്ക്ക് വിഘ്നം സംഭവിക്കാത്ത രീതിയിൽ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലയളവിൽ എക്സൈസ് ഉദ്യോഗസ്ഥർക്ക് കൃത്യമായി വീക്കിലി ഓഫ് (ഡേ ഓഫ്) നൽകേണ്ടതാണ്.

l. ഫലപ്രദമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന് പൊതു സമൂഹത്തിന്റേയും, പൊതുജനങ്ങളുടേയും സഹകരണവും പിൻതുണയും അത്യാവശ്യമാണ്. കുറ്റകൃത്യങ്ങളെക്കുറിച്ച് വിവരം നൽകുന്നതിനായി എക്സൈസ് ആസ്ഥാനത്തുള്ള കൺട്രോൾ റൂം, മേഖലകളിലെ ജോയിന്റ് എക്സൈസ് കമ്മീഷണർമാർ, ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ, എക്സൈസ് ഇൻസ്പെക്ടർമാർ, എക്സൈസ് സർക്കിൾ ഓഫീസുകൾ, എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ, കൺട്രോൾ റൂമുകൾ എന്നിങ്ങനെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും, ഓഫീസുകളുടേയും ഫോൺ നമ്പരുകൾ പൊതുജനങ്ങളെ അറിയിക്കേണ്ട ആവശ്യമുണ്ട്. അതിനായി ആവശ്യമായ പത്രവാർത്ത എല്ലാ ജില്ലകളിലും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ നൽകേണ്ടതാണ്. ഡിപ്പാർട്ടുമെന്റിന്റെ ഫെയ്സ് ബുക്ക് പേജ്, വാട്ട്സാപ്പ് നമ്പരുകൾ എന്നിവയ്ക്ക് വേണ്ട പ്രചാരം കൊടുക്കുന്നതിനുള്ള നടപടികൾ ഐ.റ്റി. വിഭാഗം എടുക്കേണ്ടതാണ്.

m. കോവിഡ് വ്യാപനം ഉള്ളതിനാൽ ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിച്ചു വേണം പരിശോധന നടത്തേണ്ടത്. ഉദ്യോഗസ്ഥർക്ക് ആവശ്യമായ സാനിറ്റൈസർ, ഫെയ്സ് ഷീൽഡ്, ഗ്ലൗസ്, മാസ്ക് എന്നിവയുടെ ലഭ്യത ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ എക്സൈസ് ആസ്ഥാനത്തുനിന്നും എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോ സൂപ്രണ്ട് മുടങ്ങാതെ വിവരശേഖരണം നടത്തി സുരക്ഷാ ഉപകരണ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

ഇവയ്ക്ക് പുറമെ നിലവിലുള്ള എൻഫോഴ്സ്മെന്റ് സംബന്ധമായ എല്ലാ നിർദ്ദേശങ്ങളും സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ പ്രത്യേകം നടപ്പിൽ വരുത്തുവാൻ ഓരോ ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിർദ്ദേശങ്ങളിന്മേൽ മനഃപൂർവ്വം അലംഭാവവും വീഴ്ചയും വരുത്തുന്നവർക്ക് എതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

സുരക്ഷിതവും പ്രശ്നരഹിതവുമായ കേരള നിയമസഭാ തെരെഞ്ഞെടുപ്പ് 2021 ഈ വർഷവും ഉറപ്പാക്കുന്നതിലേക്കായി എല്ലാ എക്സൈസ് ജീവനക്കാരും

അവരുടെ കഴിവിന്റെ പരമാവധി പരിശ്രമിക്കേണ്ടതും അർപ്പണ ബോധത്തോടും ആത്മാർത്ഥതയോടും കൂടി പ്രവർത്തിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിൽ വരുത്തുവാൻ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ പ്രത്യേകം മീറ്റിംഗ് നടത്തി എക്സൈസ് ഇൻസ്പെക്ടർമാർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ എന്നിവർക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതും നിർദ്ദേശം ലഭിക്കുന്ന ടി ഉദ്യോഗസ്ഥർ വകുപ്പിലെ സിവിൽ എക്സൈസ് ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിൽ വരുത്തുന്നതിന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, ജോയിന്റ് എക്സൈസ് കമ്മീഷണർമാർ എന്നിവർ പ്രത്യേകം ശ്രദ്ധ നൽകി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

**ഒപ്പ്/**
**എ. അബ്ദുൾ റഷി**
**അഡീഷണൽ എക്സൈസ് കമ്മീഷണർ**
**(എൻഫോഴ്സ്മെന്റ്)**

**പകർപ്പ് :**

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ബഹു: തൊഴിൽ, എക്സൈസ് വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക (ഉപരിപത്രം സഹിതം)

അംഗീകാരത്തോടെ,

Rjayan

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

SH.02.03.21